ഭക്ഷ്യ ധാന്യ വിതരണം

*656 [713] ശ്രീ. കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവാരം അരി, ഗോതമ്പ് എന്നീ ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നതിന് ഇവ എത്രവീതം ആവശ്യമുണ്ട് ;

(ബി) ഈ ഭക്ഷ്യധാന്യങ്ങൾ യാഥാസമയം വിറ്റഴിയുന്നുണ്ടോ;

(സി) വിറ്റഴിയാതെ ന്യായവിലഷോപ്പുകളിൽ സ്റ്റോക്ക് ഉണ്ടെങ്കിൽ എത്രയാണ് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) പ്രായപൂർത്തിയായ ഒരാളിന് ദിനംപ്രതി 320 ഗ്രാം അരിയും 240 ഗ്രാം ഗോതമ്പും എന്ന തോതിലും പ്രായപൂർത്തിയാകാത്തവർക്ക് (12 വയസ്സിനുതാഴെയും 2 വയസിനു മുകളിലും) ഇതിന്റെ പകുതി എന്ന തോതിലും സംസ്ഥാനത്തൊട്ടാകെ റേഷൻവിതരണത്തിന് ഒരാഴ്ചത്തേയ്ക്ക് 44,800 ടൺ അരിയും 33,600 ടൺ ഗോതമ്പും ആവശ്യമാണെന്നു കണക്കാക്കപ്പെടുന്നു.

(ബി) ഇല്ല.

(സി) കൃത്യമായി പറയാൻ നിവർത്തിയില്ല. വിറ്റഴിക്കാൻ സാധിക്കാതെ വരുന്ന സ്റ്റോക്ക് നീക്കി ബാക്കി ആവശ്യത്തിനുള്ള ഭക്ഷ്യ സാധനങ്ങൾ മാത്രം അടുത്തുവരുന്ന ആഴ്ചയിൽ റേഷൻകടക്കാർ വാങ്ങിയാൽ മതിയാകും.

പോലീസ് വാഹനങ്ങൾ

*657 [714] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസ് വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പോലീസ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇന്നുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങൾവഴി നടത്തുന്ന അറ്റകുറ്റപണികൾ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് അവിഹിതമാർഗ്ഗത്തിലൂടെ പണം സമ്പാദിക്കാനുള്ള ഒരു മാർഗ്ഗമായിത്തീരാറുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പോലീസ് വാഹനങ്ങളുടെ അറ്റകുറ്റപണികൾ തീർക്കാൻ ഡിപ്പാർട്ടുമെന്റുവക വർക്കുഷോപ്പുകൾ തുടങ്ങാൻ നടപടിസ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ആയിരത്തിപതിനൊന്ന് (1,011).

(ബി) ഗവൺമെന്റ് റീജിയണൽ എഞ്ചിനീയറിംഗ് വർക്കുഷോപ്പുകളിലെ അസിസ്റ്റന്റ് എൻജിനീയർമാരോ, അതാതു ജില്ലകളിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരോ, പോലീസ്വകുപ്പിലെ മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly